IV. സബ്മിഷൻ

(1) മലപ്പുറം ജില്ലയിലെ ചരിത്ര സ്മാരകങ്ങൾ പുരാവസ്തുവകുപ്പ് ഏറ്റെടുക്കേണ്ടത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, മലപ്പുറം ജില്ലയിൽ തിരുനാവായയിലെ ജനങ്ങൾ എനിക്കു നൽകിയ ഒരു നിവേദനത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകങ്ങളായ നിലപാട്തറ, മണിക്കിണർ, ചങ്ങമ്പള്ളി കളരി, പഴക്കമണ്ഡപം, മരുന്നറ, സഞ്ചാര ഗുഹകൾ എന്നിങ്ങനെയുള്ള സാമൂതിരി രാജാക്കന്മാരുടെ കാലത്ത് ഓരോ ഘട്ടങ്ങളിലും വളരെയധികം ആചാരങ്ങളായിട്ട് എടുത്തുപോന്നിരുന്ന സ്ഥാപനങ്ങൾ നശിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രമാണി ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും പുരാവസ്തു ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഇത് ചരിത്ര വിദ്യാർത്ഥികൾക്കും സമൂഹത്തിലെ ആളുകൾക്കും ഉപകാരപ്രദമായിട്ടുള്ള നിലയിൽ സംരക്ഷിക്കുകയാണ് വേണ്ടത് എന്നും പറഞ്ഞിട്ടുണ്ട്. അത് വായിച്ചപ്പോൾ ശരിയാണെന്ന് എനിക്കു തോന്നി. ഇത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കടലിലേയ്ക്ക് പോകാനുള്ള ഗുഹകളെല്ലാമുണ്ടെന്നാണ് പറയുന്നത്. അതെല്ലാം ഇടിച്ചുനിരത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ നിന്ന് രക്ഷിച്ച് സമൂഹത്തിന് ഉപകാരപ്രദമായ നിലയിൽ വിദ്യാർത്ഥികൾക്കും മറ്റും പഠനാർഹമായ നിലയിൽ അത് കാത്തുസൂക്ഷിക്കേണ്ടത് ആവശ്യമാണെന്നാണ് എനിക്ക് മനസ്സിലാകുന്നത്. അത് ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് നശിപ്പിക്കാതിരിക്കാനുള്ള സംരക്ഷണ നടപടികൾ എടുക്കണം. പുരാവസ്തു ഗവേഷണ ഡിപ്പാർട്ടുമെന്റ് ആവശ്യമായ പഠനം നടത്തി ഇവ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞതനുസരിച്ച് വിശദീകരിച്ചില്ലെങ്കിൽ പ്രയോജനമില്ല. നിളാ നദിയുടെ തീരത്ത് തിരുനാവായ മണൽപുറത്ത് 28 നാൾ നീണ്ടുനിന്നിരുന്ന ഉൽസവമായിരുന്നു മാമാങ്കം. സാംസ്കാരിക കാര്യങ്ങൾക്കും വാണിജ്യ കാര്യങ്ങൾക്കും ഊന്നൽ നൽകിയ മാമാങ്കം അവസാനം കൊണ്ടാടിയത് 1766-ലാണ്. നിലപാട്തറ—മാമാങ്ക മഹോൽസവ വേളയിൽ സാമൂതിരിമാർ രക്ഷാപുരുഷ സ്ഥാനം ഏറ്റെടുത്ത് നിലയുറപ്പിക്കുന്ന സ്ഥലമാണ് നിലപാട്തറ. രണ്ടാമത് മണിക്കിണർ. രക്ഷാപുരുഷ സ്ഥാനത്തിനു വേണ്ടി ഭാരതപ്പുഴയുടെ തീരത്ത് സാമൂതിരിയുടെ സൈന്യവും വള്ളുവക്കോനാതിരിയുടെ ചാവേറുകളും തമ്മിൽ നടന്ന യുദ്ധത്തിൽ മരണം വരിച്ച ചാവേറുകളുടെ മൃതദേഹങ്ങൾ നിക്ഷേപിച്ചിരുന്നത് മണിക്കിണറുകളിലായിരുന്നു. തിരുനാവായ ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള ഗോപുരകവാടത്തിന് വലതുവശത്ത് ഉയർത്തിക്കെട്ടിയിരിക്കുന്ന മണ്ഡപമാണ് പഴക്കമണ്ഡപം. ഈ പഴക്കമണ്ഡപത്തിൽ ഇരുന്നാണത്രേ സാമൂതിരിമാർ മാമാങ്കം ദർശിച്ചിരുന്നത്. ഗുഹയുടെ കാര്യം അദ്ദേഹം പറഞ്ഞു. 2003 ജൂലൈ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടയ്ക്കൽ ഓട്ടുകമ്പനി പൊളിച്ചപ്പോഴാണ് ആ തുരങ്കം ദൃശ്യമായത്. തുരങ്കം വെട്ടുകല്ലിൽ തന്നെയാണ് ഉണ്ടാക്കിയിരിക്കുന്നത്. പ്രസ്തുത തുരങ്കത്തെക്കുറിച്ചും അതിന് മാമാങ്കവുമായുള്ള ബന്ധത്തെക്കുറിച്ചും ആർക്കിയോളജി വകുപ്പ് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഈ സ്ഥാപനങ്ങൾ, ഈ സ്മാരകങ്ങൾ ആർക്കിയോളജി വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി നടത്തുന്നതിനുള്ള നടപടികളും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഇത് ഗവണ്മെന്റ് ഏറ്റെടുക്കുന്നതാണ്.

(2) സ്വകാര്യ ബസ് സമരം

ശ്രീ. പി. സി. ജോർജ്ജ് : ഈ രാജ്യത്തെ ജനങ്ങളെ ഞെക്കിപ്പിഴിയാൻ വേണ്ടി ഗവണ്മെന്റ് സ്പോൺസേർഡ് സമരവുമായി ഒരു പറ്റം ബസ് മുതലാളിമാർ ഇറങ്ങിത്തിരിച്ചിരിക്കുകയാണ് എന്നാണ് എന്റെ അഭിപ്രായം. അതിന് യാതൊരു സംശയവുമില്ല. ജനങ്ങളെ വീണ്ടും ഞെക്കിപ്പിഴിഞ്ഞ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായിട്ടാണ് ജൂലൈ മാസം 26-ാം തീയതി മുതൽ ഒരു വിഭാഗം ബസ്സുടമകൾ സമരത്തിന് ഇറങ്ങിയിരിക്കുന്നത്. 2001 ഒക്ടോബർ 13-ാം തീയതിയാണ് ഈ ഗവൺമെന്റ് ആദ്യമായി ബസ്ച്ചാർജ്ജ് വർദ്ധിപ്പിച്ചത്. അന്ന് ബസ്ച്ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ ഓർഡിനറി ബസ്സിന് 7 പൈസയാണ് ഒരു കിലോമീറ്ററിന് കൂട്ടിക്കൊടുത്തത്. ഞാൻ ചോദിക്കുന്നത് അന്ന് വർദ്ധിപ്പിച്ചപ്പോൾ ഇത് കൂടുതലാണെന്ന് അന്നത്തെ മന്ത്രി ശ്രീ. ഗണേഷ്കുമാർ ഈ സഭയിൽതന്നെ സമ്മതിച്ചു. ഈ വർദ്ധനവ് ആവശ്യമില്ലായിരുന്നുവെന്ന് പറഞ്ഞു, എന്നിട്ട് ബസ്ച്ചാർജ്ജ് കുറയ്ക്കുമെന്ന് ക്യാബിനറ്റിൽ പറഞ്ഞു, ചെയ്തില്ല. ബസ്ച്ചാർജ്ജ് കുറയ്ക്കുമെന്ന് പറയുക മാത്രമല്ല അന്ന് ഈ സഭയിലെ അംഗമായിരുന്ന ഇപ്പോഴത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറഞ്ഞ ഒരു വാക്ക് 2001 നവംബർ 13-ലെ മനോരമയിലുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ചാർജ്ജ് വർദ്ധനവ് ആവശ്യമില്ലെന്ന് എത്രവട്ടം പറഞ്ഞതാണ്. ഇന്ത്യയിലെ ഒറ്റ സംസ്ഥാനത്തും ഗതാഗത വകുപ്പ് ലാഭത്തിൽ പ്രവർത്തിക്കാതിരുന്നപ്പോൾ കേരളത്തിൽ കെ.എസ്.ആർ.ടി.സി. ലാഭത്തിൽ.....

മി. സ്പീക്കർ : ഇപ്പോഴത്തെ കാര്യം വല്ലതും പറയാനുണ്ടെങ്കിൽ ഒരു മിനിറ്റിൽ പറയണം.

ശ്രീ. പി. സി. ജോർജ്ജ് : സംസ്ഥാനത്ത് യാതൊരു കാരണവശാലും ചാർജ്ജ് വർദ്ധിപ്പിക്കരുത്. ഇവിടെ ഓർഡിനറി ബസ്സിന് ഇപ്പോൾ കി. മീറ്ററിന് 35 പൈസയാണ്. ഫാസ്റ്റിന് 43 പൈസ. സൂപ്പർ ഫാസ്റ്റിന് 46 പൈസ. തമിഴ്നാട്ടിൽ ഇപ്പോഴത്തെ ചാർജ്ജ് കി.മീ.ന് 26 പൈസ, കർണാടകത്തിൽ 28 പൈസ. ഇവിടെ വിദ്യാർത്ഥികൾക്ക് കൺസെഷൻ കൊടുക്കുന്നുവെന്ന് പറയുന്നു. കർണ്ണാടകയിൽ വിദ്യാർത്ഥികൾക്ക് സൗജന്യമാണ്. 60 വയസ്സ് കഴിഞ്ഞാൽ സൗജന്യമാണ്. ആ നിലയിൽ ഇവിടെ ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് പറയുന്നത് എന്ത് ന്യായമാണ്? കോടതിയിൽ കേസ് വന്നപ്പോൾ ഒ.പി.16/935/97...ബഹുമാനപ്പെട്ട കോടതി പറഞ്ഞു ത്രൈമാസിക റിപ്പോർട്ട് വയ്ക്കണമെന്ന്. വരവിന്റേയും ചെലവിന്റേയും കണക്കുകൾ വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly